സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി**
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമ്മത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ**
മാഗസിൻ

2023 ഏപ്രിൽ 4 ചൊവ്വ | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ


## അട്ടപ്പാടി മധു വധക്കേസ്: പ്രതിപ്പട്ടികയിലെ 16ൽ 14 പേരും കുറ്റക്കാർ

# ശിക്ഷാവിധി നാളെ



പാലക്കാട്: അട്ടപ്പാടി മധു വധക്കേസിൽ പ്രതിപ്പട്ടികയിലെ 16ൽ 14 പേരും കുറ്റക്കാരെന്ന് കോടതി. പ്രതിപ്പട്ടികയിലെ രണ്ട് പേരെ വെറുതെ വിട്ടു. നാലാം പ്രതി അനീഷിനേയും പതിനൊന്നാം പ്രതി അബ്ദുൽ കരീമിനേയുമാണ് വെറുതെ വിട്ടത്. ഒന്നാം പ്രതി ഹുസൈൻ, രണ്ടാം പ്രതി മരക്കാർ, മൂന്നാം പ്രതി ഷംസുദ്ധീൻ, അഞ്ചാം പ്രതി രാധാകൃഷ്ണൻ, ആറാം പ്രതി അബൂബക്കർ, ഏഴാം പ്രതി സിദ്ദിഖ്, എട്ടാം പ്രതി ഉബൈദ്, ഒൻപതാം പ്രതി നജീബ്, പത്താം പ്രതി ജൈജുമോൻ, പന്ത്രണ്ടാം പ്രതി സജീവ്, പതിമൂന്നാം പ്രതി സതീഷ്, പതിനാലാം പ്രതി ഹരീഷ്, പതിനഞ്ചാം പ്രതി ബിജു, പതിനാറാം പ്രതി മുനീർ തുടങ്ങിയവർ കുറ്റക്കാരാണെന്ന് കോടതി കണ്ടെത്തി. മൂന്ന് പ്രതികളൊഴികെ ബാക്കിയുള്ളവർക്കെതിരേ നരഹത്യാക്കുറ്റം തെളിഞ്ഞതായി കോടതി വ്യക്തമാക്കി. പ്രതികൾക്കെതിരേയുള്ള 304(2) വകുപ്പ് തെളിഞ്ഞതായും കോടതി വ്യക്തമാക്കി. മനപ്പൂർവ്വമല്ലാത്ത നരഹത്യയാണ് പ്രതികൾക്ക് മേൽ ചുമത്തപ്പെട്ടിരിക്കുന്നത്. പതിനാറാം പ്രതിക്കെതിരേ 352 വകുപ്പ് മാത്രമാണ് തെളിഞ്ഞിരിക്കുന്നത്. കേസിൽ ശിക്ഷാ വിധി കോടതി നാളെ പ്രഖ്യാപിക്കും. മണ്ണാർക്കാട് എസ് സി-എസ്ടി കോടതിയാണ് കേസിൽ വിധി പറഞ്ഞത്. കേസിൽ ആകെ 16 പ്രതികളാണുള്ളത്. പ്രതികളെല്ലാവരും കോടതിയിൽ എത്തിയിരുന്നു. മാർച്ച് പത്തിനാണ് കേസിലെ അന്തിമവാദം പൂർത്തിയായത്. ഏറെ നാടകീയ സംഭവങ്ങൾക്കൊടുവിലാണ് അട്ടപ്പാടി മധു വധക്കേസ് വിധി പ്രഖ്യാപനത്തിലേക്ക് കടന്നത്. 2018 ഫെബ്രുവരി 22നാണ് അട്ടപ്പാടി ആനവായ് കടുകമണ്ണ ഊരിലെ ആദിവാസി യുവാവ് മധു കൊല്ലപ്പെടുന്നത്. മോഷണ കുറ്റമാരോപിച്ച് ഒരു സംഘമാളുകൾ മധുവിനെ ക്രൂരമായി മർദിച്ച് കൊലപ്പെടുത്തിയെന്നാണ് കേസ്. പ്രോസിക്യൂട്ടർമാർ മാറി മാറിയെത്തിയ കേസ് പതിനൊന്ന് മാസം നീണ്ട സാക്ഷി വിസ്താരത്തിന് ശേഷമാണ് വിധി പ്രഖ്യാപനത്തിലേക്ക് കടന്നത്. 3000ത്തിലധികം പേജുകളുള്ള കുറ്റപത്രത്തിൽ 127 സാക്ഷികളാണ് ഉണ്ടായിരുന്നത്. ഇതിൽ മധുവിന്റെ ബന്ധുക്കളുൾപ്പടെ 24 പേർ വിചാരണക്കിടെ കൂറുമാറിയിരുന്നു. മാർച്ച് പത്തിന് കേസിന്റെ അന്തിമവാദം പൂർത്തിയായിരുന്നു. 18ന് വിധി പറയും എന്നായിരുന്നു ആദ്യം കോടതി അറിയിച്ചിരുന്നത്. എന്നാൽ സാങ്കേതിക തടസങ്ങളാൽ കേസിലെ വിധി പ്രഖ്യാപനം ഇന്നത്തേക്ക് മാറ്റുകയായിരുന്നു.

## കേസിൽ ഉൾപ്പെട്ട പ്രതികൾ



**ഒന്നാംപ്രതി** ഹുസൈന് മുക്കാലി ജംഗ്ഷനിൽ ഒരു കടയാണുള്ളത്. ഈ കടയിൽ നിന്ന് മധു സാധനങ്ങൾ മോഷ്ടിച്ചിരുന്നു എന്നാണ് ആരോപണം. 12 പ്രതികൾ മധുവിനെ കാട്ടിലേക്ക് പോയി തിരിച്ച് കൊണ്ടുവരുന്നു. മുക്കാലിയിൽ മധുവിനെ എത്തിച്ചപ്പോൾ ഹുസൈനും അവിടേക്ക് എത്തി. ആൾക്കൂട്ടത്തിന് നടുവിൽ നിർത്തി മധുവിനെ വിചാരണ ചെയ്യുന്നതിനിടെ ഹുസൈൻ മധുവിന്റെ നെഞ്ചിലേക്ക് ആഞ്ഞ് ചവിട്ടുകയായിരുന്നു.

ഈ ചവിട്ടേറ്റാണ് മധു തലയിടിച്ച് വീഴുന്നത്. ഈ വീഴ്ചയിലുണ്ടായ ആഘാതം മധുവിന്റെ മരണത്തിലേക്ക് നയിച്ചുവെന്ന പ്രോസിക്യൂഷൻ വാദം കോടതി അംഗീകരിച്ചു. ഹുസൈനെതിരേ സാക്ഷിമൊഴിയാണ് ഏറ്റവും നിർണായകമായത്. ഹുസൈൻ മധുവിനെ ചവിട്ടി വീഴ്ത്തുന്നത് കണ്ട സുരേഷ് ഹുസൈനെതിരേ മൊഴി നൽകിയിരുന്നു.

**രണ്ടാംപ്രതി** മരയ്ക്കാറാണ് 12 അംഗ സംഘത്തിന് നേതൃത്വത്തിന് നൽകിയത്.

മധു കാട്ടിലുണ്ടെന്ന് അറിഞ്ഞ മരയ്ക്കാർ മറ്റ് പ്രതികളേയും കൂട്ടി കാട്ടിലേക്ക് പോകുന്നത്. മനഃപൂർവ്വം ആക്രമിക്കണമെന്ന ലക്ഷ്യത്തിൽ മധുവിനെ പിടിച്ചു കൊണ്ടുവരുന്നതും മരയ്ക്കാറാണ്. റിസർവ് വനത്തിൽ അതിക്രമിച്ച് കയറിയാണ് പ്രതികൾ മധുവിനെ പിടിച്ചു കൊണ്ടുവരുന്നത്. ഡിജിറ്റൽ തെളിവുകളാണ് മരയ്ക്കാറിനെതിരേ നിർണായകമാകുന്നത്.

**മൂന്നാം പ്രതി** ഷംസുദ്ദീൻ. ഷംസുദ്ദീന്റെ ബാഗ് കീറിയാണ് മധുവിന്റെ കൈകൾ കെട്ടുന്നത്. ഷംസുദ്ദീൻ വടി കൊണ്ട് മധുവിനെ ക്രൂരമായി അടിക്കുകയും ചെയ്തു. മധുവിന്റെ രണ്ടാമത്തെ വാരിയെല്ല് ഒടിഞ്ഞത് ഈ അടിയിലാണെന്ന് പ്രോസിക്യൂഷൻ പറയുന്നു. മധു ഓടിപ്പോകാതിരിക്കാൻ കൈയ്യിൽ കെട്ടിയ സിബ്ബിൽ പിടിച്ച് വലിച്ച് കൊണ്ട് വന്നതും ഷംസുദ്ദീനാണ്.

**നാലാംപ്രതി** അനീഷിനെ കോടതി മാറ്റി നിർത്തി. ഇയാൾക്കെതിരേ ശക്തമായ തെളിവുകൾ ഉണ്ടായിരുന്നില്ല. മധുവിന്റെ ദൃശ്യങ്ങൾ പകർത്തിയത് അനീഷാണ്. സമൂഹമാദ്ധ്യമങ്ങളിൽ ഈ ദൃശ്യങ്ങൾ പ്രചരിപ്പിച്ചു എന്നത് മാത്രമാണ് അനീഷിനെതിരായ കുറ്റം.

**അഞ്ചാംപ്രതി** രാധാകൃഷ്ണൻ ഉടുമുണ്ട് അഴിച്ച് മാറ്റുകയും മർദിക്കുകയും ചെയ്തുവെന്ന പ്രോസിക്യൂഷൻ വാദമാണ് അംഗീകരിച്ചത്.

**ആറാം പ്രതി** അബൂബക്കറും **ഏഴാം പ്രതി** സിദ്ദീഖും സമാനമായ കുറ്റങ്ങൾ ചെയ്തുവെന്നാണ് കണ്ടെത്തൽ. മധുവിനെ കാട്ടിൽ നിന്ന് കൊണ്ടുവരുന്ന സംഘത്തിൽ ഇരുവരും ഉണ്ടായിരുന്നു. ഇരുവരും മധുവിനെ മർദ്ദിച്ചിരുന്നു.

**എട്ടാംപ്രതി** ഉബൈദും ദൃശ്യങ്ങൾ പകർത്തി പ്രചരിപ്പിക്കുകയും, മധുവിനെ മർദിക്കുകയും ചെയ്തിരുന്നു. **ഒൻപതാംപ്രതി** നജീബും മധുവിനെ ദേഹോപദ്രവം ഏൽപ്പിച്ചിരുന്നു. പ്രതികൾ നജീബിന്റെ ജീപ്പിലാണ് മധുവിനെ പിടിക്കാനായി കാട്ടിലേക്ക് പോയത്.

**പത്താംപ്രതി** ജൈജുമോനാണ് മധുവിന്റെ ഗുഹയിൽ സൂക്ഷിച്ചിരുന്ന അരിച്ചാക്ക് എടുത്ത് വച്ച് നടത്തിക്കുന്നത്. നാല് കിലോമീറ്ററോളം ദൂരം പ്രതികളുടെ ദേഹോപദ്രവം ഏറ്റുകൊണ്ടാണ് മധു നടക്കുന്നത്.

**പതിനൊന്നാം പ്രതി** അബ്ദുൾ കരീമിനേയും കോടതി വെറുതെ വിട്ടിട്ടുണ്ട്. മുക്കാലിയിൽ വച്ച് മധുവിനെ കള്ളാ എന്ന് വിളിച്ചു എന്നതായിരുന്നു ഇയാൾക്കെതിരായ കുറ്റം. നേരത്തെ ഇയാൾക്കെതിരേ സാക്ഷിമൊഴി ഉണ്ടായിരുന്നെങ്കിലും പിന്നീട് ഇയാൾ മൊഴി മാറ്റിയിരുന്നു.

**പന്ത്രണ്ടാം പ്രതി** സജീവ് മറ്റു പ്രതികൾക്കൊപ്പം കാട്ടിൽ കയറി മധുവിനെ പിടിച്ചു കൊണ്ടുവരാൻ സഹായിച്ചു, മധുവിനെ ദോഹോപദ്രവം ഏൽപ്പിച്ചു തുടങ്ങിയ കുറ്റമാണ് കോടതി അംഗീകരിച്ചത്.

**പതിമൂന്നാം പ്രതി** സതീഷും കുറ്റക്കാരനാണെന്ന് കോടതി കണ്ടെത്തി. പന്ത്രണ്ട്, പതിമൂന്ന് പ്രതികൾക്കെതിരേ സമാനമായ കുറ്റമാണ് ചുമത്തിയിരിക്കുന്നത്. **പതിനാലാം പ്രതി** ഹരീഷ് വണ്ടിത്താവളത്തിൽ വച്ചാണ് മധുവിനെ പിടിച്ചു കൊണ്ടുവരുന്ന സംഘത്തിൽ ചേരുന്നത്. നടക്കുന്ന വഴിയിൽ ഇയാളുടെ മർദനവും മധുവിന് ഏൽക്കേണ്ടതായി വന്നു.

**പതിനഞ്ചാം പ്രതി** ബിജു മധുവിന്റെ മുതുകിൽ ഇടിക്കുകയും, മധുവിന്റെ കയ്യിൽ കെട്ടിയ സിബ്ബിൽ പിടിച്ച് നടത്തിക്കുകയും ചെയ്തു. **പതിനാറാം പ്രതി** മുനീറും മുക്കാലിയിലെത്തിയപ്പോൾ ആൾക്കൂട്ട വിചാരണയുടെ ഭാഗമായിരുന്നു. കാട്ടിലേക്ക് പോയില്ലെങ്കിലും മുക്കാലിയിൽ വച്ച് ഇയാൾ മധുവിനെ അവഹേളിച്ചുവെന്ന പ്രോസിക്യൂഷൻ വാദം കോടതി അംഗീകരിച്ചു.



## കുനോ കുഞ്ഞുങ്ങൾക്ക് പേരിടാൻ പൊതുജനങ്ങൾക്ക് അവസരം

ഭോപ്പാൽ: കഴിഞ്ഞ ദിവസം കുനോ ദേശീയ പാർക്കിൽ നമീബിയൻ ചീറ്റ സിയായയ്ക്ക് ജനിച്ച നാല് കുഞ്ഞുങ്ങൾക്ക് പേരിടാൻ പൊതുജനങ്ങൾക്ക് അവസരം നൽകി കേന്ദ്ര സർക്കാർ. പേരിടൽ മത്സരത്തിന്റെ വിശദാംശങ്ങൾ കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ് ട്വീറ്റ് ചെയ്തു. കുനോ കുഞ്ഞുങ്ങൾക്ക് പേരിടാൻ സമയമായി എന്നാണ് മത്സരത്തിന്റെ വിശദാംശങ്ങൾ അദ്ദേഹം ട്വീറ്റ് ചെയ്തത്. ഏപ്രിൽ 30 ആണ് പേര് നിർദേശിക്കാനുള്ള അവസാന തീയതി. പേര് നിർദേശിക്കാൻ താൽപര്യമുള്ളവർക്ക് കേന്ദ്ര സർക്കാരിന്റെ വെബ്സൈറ്റ് സന്ദർശിക്കാം. മത്സരത്തിൽ പങ്കെടുക്കാൻ https://www.mygov.in/task/name-four-newly-born-cheetah-cubs-kuno/ എന്ന ലിങ്കിൽ പ്രവേശിക്കാം. പോർട്ടലിൽ രജിസ്റ്റർ ചെയ്ത ശേഷമേ പേരുകൾ നിർദേശിക്കാവൂ. പ്രധാനമന്ത്രിയുടെ ജന്മദിനമായ സെപ്റ്റംബർ 17ന് ആണ് ആഫ്രിക്കയിലെ നമീബിയയിൽ നിന്ന് ചീറ്റകളെ ഇന്ത്യയിലേക്ക് എത്തിച്ചത്. അഞ്ച് പെൺചീറ്റകളേയും മൂന്ന് ആൺചീറ്റകളെയുമാണ് ഇന്ത്യയിലേക്ക് കൊണ്ടുവന്നത്. കഴിഞ്ഞയാഴ്ച മധ്യപ്രദേശിൽ എൽട്ടൺ, ഫ്രെഡി എന്നീ രണ്ട് ചീറ്റപ്പുലികളെ കൂടി കാട്ടിൽ തുറന്നു വിട്ടിരുന്നു.

## ഡൽഹിയിൽ കനത്ത മഴ; പല ഭാഗങ്ങളിലും വെള്ളക്കെട്ട്, ഗതാഗതക്കുരുക്ക്

ന്യൂഡൽഹി: ഇന്ന് പുലർച്ചെ മുതൽ ഡൽഹിയിലെ ചില ഭാഗങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴ പെയ്തു. കനത്ത മഴയെ തുടർന്ന് പല ഭാഗങ്ങളിലും വെള്ളക്കെട്ടുണ്ടായി. ഇതോടെ റോഡുകളിൽ വെള്ളം കയറി ഗതാഗതക്കുരുക്കിനിടയാക്കി. നോയിഡ, ഗ്രേറ്റർ നോയിഡ, ഗാസിയാബാദ് എന്നീ സ്ഥലങ്ങൾ ഉൾപ്പെടെ ഡൽഹി-എൻ.സി.ആറിന്റെ പല ഭാഗങ്ങളിലും പുലർച്ചെ കനത്ത മഴ പെയ്തു. കാലാവസ്ഥാ വകുപ്പിന്റെ പ്രവചനമനുസരിച്ച് ഡൽഹി, എൻ.സി.ആർ, ഗന്നൗർ, മെഹം, തോഷാം, റോഹ്തക്, ഭിവാനി (ഹരിയാന) ബരാത്ത്, ശിക്കാർപൂർ, ഖുർജ എന്നിവയുടെ സമീപ പ്രദേശങ്ങളിൽ അടുത്ത രണ്ട് മണിക്കൂറിനുള്ളിൽ നേരിയതോ തീവ്രതയോടു കൂടിയതോ ആയ മഴ ലഭിക്കുമെന്നാണ് മുന്നറിയിപ്പ്.



ഡൽഹിയിലെ അപ്രതീക്ഷിതമായി പെയ്ത മഴ

ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

എൻ.സി.ആറിന്റെ സമീപ പ്രദേശങ്ങളിൽ തീവ്രതയോടെയുള്ള ഇടിമിന്നലോട് കൂടിയ കൊടുങ്കാറ്റിനും സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഹിമാചൽ പ്രദേശിലെ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇടിമിന്നലിന് സാധ്യതയുണ്ടെന്ന് അധികൃതർ അറിയിച്ചു. വടക്കുപടിഞ്ഞാറൻ മേഖലകൾ ഒഴികെയുള്ള ഇന്ത്യയുടെ ഭൂരിഭാഗം പ്രദേശങ്ങളിലും ഏപ്രിൽ മുതൽ ജൂൺ വരെ സാധാരണയിലും ഉയർന്ന താപനില അനുഭവപ്പെടാൻ സാധ്യതയുണ്ടെന്ന് ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് നേരത്തെ മുന്നറിയിപ്പ് നൽകിയിരുന്നു.

## ട്രെയിൻ തീവയ്പ്പ്: പ്രതി ഇരുമ്പനത്തും; ബ്രഹ്മപുരം തീപിടിത്തത്തിലും അന്വേഷണം

കൊച്ചി: ആലപ്പുഴ-കണ്ണൂർ എക്സിക്യൂട്ടീവ് എക്സ്പ്രസിൽ യാത്രക്കാരെ പെട്രോളൊഴിച്ച് തീ കൊളുത്തിയ കേസിലെ പ്രതിക്കായി പോലിസ് തിരച്ചിൽ തുടരുന്നു. പ്രതിയെ തൃപ്പൂണിത്തുറ ഇരുമ്പനം പ്രദേശത്തു കണ്ടതായുള്ള രഹസ്യ വിവരത്തെ തുടർന്നു കേരള പോലിസിന്റെ ആന്റി ടെററിസ്റ്റ് സ്ക്വാഡ് തെളിവെടുപ്പു തുടങ്ങി. പ്രതിയെന്നു സംശയിക്കുന്നയാളുടെ രേഖാ ചിത്രം പുറത്തുവന്നതോടെയാണ് ഇയാളോട് രൂപസാദൃശ്യമുള്ളയാളെ ഇരുമ്പനത്ത് കണ്ടതായി വിവരം ലഭിച്ചത്. ഇതോടെ ബ്രഹ്മപുരം തീപിടിത്ത കേസിലും കൂടുതൽ അന്വേഷണത്തിന് വഴിയൊരുങ്ങി.



പ്രതിയുടെ രേഖാചിത്രം

മാലിന്യക്കൂമ്പാരത്തിന് സ്വയം തീപിടിച്ചതാണെന്നും ആരോ തീകൊളുത്തിയതാണെന്നുമുള്ള വാദങ്ങൾ നിലനിൽക്കുന്നതിനിടയിലാണ് കോഴിക്കോട് കേസിലെ പ്രതിയെന്ന് സംശയിക്കുന്നയാളുടെ സാന്നിധ്യം ഇരുമ്പനത്ത് കണ്ടെത്തിയത്.

# നാലാമൂഴത്തിന് ശശി തരൂർ

## തിരുവനന്തപുരത്ത് മുന്നൊരുക്ക യോഗങ്ങളിൽ തർക്കം



തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പിൽ തിരുവനന്തപുരത്തു നിന്ന് വീണ്ടും മത്സരിക്കുമെന്ന് സൂചന നൽകി ശശി തരൂർ. എന്നാൽ, തരൂർ മത്സരിക്കുന്നതിൽ എതിർപ്പ് ഉന്നയിച്ച് പ്രാദേശിക നേതാക്കൾ. തെരഞ്ഞെടുപ്പ് ഒരുക്കങ്ങൾക്കായി വിളിച്ച യോഗങ്ങളിലാണ് ചില പ്രാദേശിക നേതാക്കൾ എതിർത്തത്. പാർട്ടിയിൽ വലിയ കലാപക്കൊടി ഉയർത്തിയെങ്കിലും ദേശീയ-സംസ്ഥാന നേതൃത്വത്തിനെതിരായ വിമർശനത്തോടുള്ള അണികളുടെ സമീപനമാകും തരൂർ ഇത്തവണ നേരിടുന്ന പ്രധാന വെല്ലുവിളി. ഹൈക്കമാൻഡിനേയും കെ.പി.സി.സിയേയും ഒരുപോലെ വെല്ലുവിളിച്ച തരൂർ നാലാമൂഴത്തിനിറങ്ങുമോ എന്ന ആകാംക്ഷയുണ്ടായിരുന്നു. എന്നാൽ വീണ്ടും അങ്കം കുറിക്കാനൊരുങ്ങുകയാണ് തരൂർ. പാർട്ടിയുടേയും തരൂരിന്റേയും സഞ്ചാരം എന്നും രണ്ട് വഴിക്കാണ്. എല്ലാ നെഗറ്റീവുകളേയും മറികടക്കുന്ന വലിയ പോസിറ്റീവ് ഘടകമായി തരൂരിന്റെ മികച്ച പ്രതിച്ഛായ. 2009ൽ രാഷ്ട്രീയത്തിലേക്കിറങ്ങിയ തരൂരിനെ തിരുവനന്തപുരത്തെ കോൺഗ്രസുകാർ സ്വീകരിച്ചത് കോലം കത്തിച്ചും എതിർത്തുള്ള മുദ്രാവാക്യം വിളിച്ചുമായിരുന്നു. എന്നാൽ, വിമർശകരെയടക്കം കൂടെ നിർത്തി മൂന്ന് തെരഞ്ഞെടുപ്പുകളിൽ തരൂർ മാജിക് കണ്ടു. തരൂർ ഏറ്റുമുട്ടിയ എ-ഐ ഗ്രൂപ്പുകളുടേയും കെ.സി വിഭാഗത്തിലേയും നേതാക്കൾ ഒപ്പമുണ്ടായിരുന്നു. പക്ഷേ അപസ്വരങ്ങൾ ഉയർന്നത് മണ്ഡലം പ്രസിഡന്റുമാരിൽ നിന്നാണ്. കഴക്കൂട്ടം മണ്ഡലം യോഗത്തിൽ രണ്ട് മണ്ഡലം പ്രസിഡന്റുമാർ പാർട്ടി നേതൃത്വത്തിനെതിരേ തരൂർ ഉന്നയിച്ച വിമർശനം ശരിയായില്ലെന്ന് കുറ്റപ്പെടുത്തി. ഡി.സി.സി ഓഫിസിലെ സെൻട്രൽ മണ്ഡലയോഗത്തിന് ശേഷം ഡി.സി.സി ജനറൽ സെക്രട്ടറി തമ്പാനൂർ സതീഷും തരൂരിന്റെ സ്റ്റാഫും തമ്മിലുണ്ടായത് കൈയ്യാങ്കളി. അതിനും കാരണം എ.ഐ.സി.സിക്കെതിരായ തരൂർ വിമർശനത്തിൽ സതീഷ് തുടങ്ങിയ ആരോപണങ്ങൾ. ഗ്രൂപ്പുകളൊന്നടങ്കം പിൻവാങ്ങിയാൽ നാലാമൂഴം തരൂരിന് വലിയകടമ്പയാകും. പ്രത്യേകിച്ച് തരൂരിന്റെ വോട്ട് ബാങ്കായിരുന്ന ലത്തീൻ സഭ വിഴിഞ്ഞം സമരത്തെ തുണക്കാത്തതിനാൽ ഉടക്കിനിൽക്കുക കൂടി ചെയ്യുന്ന സാഹചര്യത്തിൽ. എന്നാൽ എ.ഐ.സി.സി അധ്യക്ഷ തെരഞ്ഞെടുപ്പ് മത്സരമടക്കം പാർട്ടിയെ ശക്തിപ്പെടുത്താനുള്ള നടപടിയെന്നാണ് തരൂർ അനുകൂലികളുടെ വിശദീകരണം.



മാണ്ഡ്യയിലെ തെരഞ്ഞെടുപ്പ് പ്രചരണത്തിനിടെ കർണാടക കോൺഗ്രസ് അധ്യക്ഷൻ ഡി.കെ ശിവകുമാർ ജനത്തിന് നേരെ നോട്ടുകൾ എറിയുന്നതിന്റെ ദൃശ്യം

### തെരഞ്ഞെടുപ് റാലിക്കിടെ ജനങ്ങൾക്ക് നേരെ നോട്ടുകൾ എറിഞ്ഞു

## കർണാടക കോൺഗ്രസ് അധ്യക്ഷൻ ഡി.കെ ശിവകുമാറിനെതിരേ കേസ്

ബംഗളൂരു: തെരഞ്ഞെടുപ്പ് പ്രചാരണ റാലിക്കിടെ ജനങ്ങൾക്ക് നേരെ കറൻസി നോട്ടുകൾ എറിഞ്ഞ സംഭവത്തിൽ കർണാടക കോൺഗ്രസ് അധ്യക്ഷൻ ഡി.കെ ശിവകുമാറിനെതിരേ കേസ്. തെരഞ്ഞെടുപ്പ് കമ്മിഷന്റെ പരാതിയിൽ കേസെടുക്കാൻ കോടതി നിർദേശിക്കുകയായിരുന്നു. മാർച്ച് 29ന് മാണ്ഡ്യയിലാണ് സംഭവം നടന്നത്.ബെവിനാഹള്ളിയിൽ തെരഞ്ഞടുപ്പ് പ്രചാരണവുമായി ബന്ധപ്പെട്ട് പ്രജധ്വനി യാത്രക്കിടെ ബസിന് മുകളിൽ കയറി നിന്ന് ജനക്കൂട്ടത്തിലേക്ക് നോട്ടുകൾ വീശിയെറിയുന്ന ശിവകുമാറിന്റെ ദൃശ്യങ്ങൾ വൈറലായിരുന്നു. എന്നാൽ, താൻ ജനങ്ങൾക്കു നേരെയല്ല നോട്ടുകൾ എറിഞ്ഞതെന്നാണ് ശിവകുമാറിന്റെ വാദം. റാലിയിൽ പങ്കെടുത്ത ജനങ്ങൾ ദൈവങ്ങളുടെ വിഗ്രഹം തലയിൽ ചുമന്നിരുന്നു. വിഗ്രഹങ്ങൾക്കു നേരെയാണ് താൻ പണം സമർപ്പിച്ചത് എന്നാണ് ശിവകുമാർ പറയുന്നത്. അതേസമയം, റാലിയിൽ പങ്കെടുത്ത കലാകാരന്മാർക്ക് പണം നൽകുക മാത്രമാണ് ശിവകുമാർ ചെയ്തതെന്നാണ് കോൺഗ്രസ് പ്രവർത്തകരുടെ വാദം. കോൺഗ്രസിന്റെ മുഖ്യമന്ത്രി സ്ഥാനാർഥിയായി ഒരുവിഭാഗം വിലയിരുത്തപ്പെടുന്ന നേതാവാണ് ഡി.കെ ശിവകുമാർ. കനക്പുര നിയോജക മണ്ഡലത്തിൽ നിന്നാണ് അദ്ദേഹം ഇക്കുറി ജനവിധി തേടുന്നത്. മുഖ്യമന്ത്രി സ്ഥാനത്തിന്റെ പേരിൽ ശിവകുമാറും സിദ്ധരാമയ്യയും തമ്മിൽ പോര് രൂക്ഷമാണെന്ന് അഭ്യൂഹങ്ങളുണ്ട്. ഇരുവരേയും ഒരേപോലെ മുൻനിരയിൽ നിർത്തിയാണ് കോൺഗ്രസ് തെരഞ്ഞെടുപ്പിനെ നേരിടുന്നത്.

## ബിരുദമല്ല, മോദിയുടെ വിജയത്തിന് കാരണം വ്യക്തിപ്രഭാവം: അജിത് പവാർ



മുംബൈ: പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വിജയത്തിന് കാരണം അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവമാണെന്ന് എൻ.സി.പി നേതാവ് അജിത് പവാർ. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച് ഒരു പൊതുപരിപാടിയിൽ സംസാരിക്കുകയായിരുന്നു അജിത് പവാർ. മന്ത്രിമാരുടെ വിദ്യാഭ്യാസ യോഗ്യതയെക്കുറിച്ച് ചോദ്യം ചെയ്യുന്നത് ശരിയായ പ്രവണതയല്ലെന്നും നേതാക്കൾ അവരുടെ ഭരണകാലയളവിൽ കൈവരിച്ച് നേട്ടത്തെക്കുറിച്ചാണ് ജനങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

'2014ൽ ജനങ്ങൾ മോദിക്ക് വോട്ട് ചെയ്തത് അദ്ദേഹത്തിന്റെ ബിരുദം നോക്കിയാണോ. അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവമാണ് വിജയത്തിന് കാരണമായത്. ഇപ്പോൾ ഒമ്പതു വർഷമായി മോദി രാജ്യത്തെ പ്രതിനിധീകരിക്കുന്നു. അദ്ദേഹത്തിന്റെ ബിരുദ യോഗ്യതയെക്കുറിച്ച് ചോദിക്കുന്നത് മര്യാദയല്ല. പണപ്പെരുപ്പത്തെക്കുറിച്ചും തൊഴിലില്ലായ്മയെക്കുറിച്ചും ചോദിക്കാം. മന്ത്രിമാരുടെ ബിരുദ യോഗ്യത എന്താണെന്നത് ഒരു വിഷയമേയല്ല. പ്രധാനമന്ത്രിയുടെ ബിരുദ വിദ്യാഭ്യാസം സംബന്ധിച്ച് വ്യക്തത വന്നാൽ പണപ്പെരുപ്പം നിയന്ത്രിക്കാനാകുമോ അദ്ദേഹത്തിന് ഏത് വിഷയത്തിലാണ് ബിരുദം എന്നറിഞ്ഞാൽ ജനങ്ങൾക്ക് ജോലി കിട്ടുമോ' അജിത് പവാർ ചോദിച്ചു.നരേന്ദ്രമോദി തന്റെ ബിരുദ പഠനം സംബന്ധിച്ച കാര്യങ്ങൾ പൊതുജനങ്ങൾക്കു മുമ്പിൽ വെളിപ്പെടുത്തണമെന്ന് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ നേരത്തെ പറഞ്ഞിരുന്നു. പ്രധാനമന്ത്രിയുടെ ബിരുദ സർട്ടിഫിക്കറ്റ് കാണണമെന്ന് ആവശ്യപ്പെട്ടതിന് ഗുജറാത്ത് ഹൈക്കോടതി അരവിന്ദ് കെജ്രിവാളിന് 25000 രൂപ പിഴ വിധിച്ചിരുന്നു. മോദിയുടെ ബിരുദ വിവരങ്ങൾ കൈമാറേണ്ടെന്ന ഗുജറാത്ത് ഹൈക്കോടതിയുടെ വിധി ജനങ്ങളിൽ വീണ്ടും സംശയം ജനിപ്പിക്കുന്നുവെന്ന് കെജ്രിവാൾ വിമർശിച്ചിരുന്നു. വിദ്യാഭ്യാസമില്ലാത്ത പ്രധാനമന്ത്രിയെ ആർക്കും വിഡ്ഢിയാക്കാമെന്നും കെജ്രിവാൾ പരിഹസിച്ചിരുന്നു.

## അരുണാചൽപ്രദേശിലെ സ്ഥലങ്ങൾക്ക് മൂന്നാം തവണയും പേര് നൽകി ചൈന




ന്യൂഡൽഹി: അരുണാചൽ പ്രദേശിലെ പതിനൊന്ന് സ്ഥലങ്ങൾക്ക് പുതിയ പേരുകൾ നൽകി ചൈന. അരുണാചൽ പ്രദേശിന് മേലുള്ള അവകാശവാദം ഉറപ്പിക്കാനുള്ള തീവ്രശ്രമത്തിന്റെ ഭാഗമായാണ് ചൈനയുടെ പുതിയ നീക്കം. ഈ സ്ഥലങ്ങൾ ഉൾപ്പെടുന്ന പ്രദേശത്തെ 'ടിബറ്റിന്റെ തെക്കൻ ഭാഗമായ സാങ്നാൻ' എന്നാണ് ചൈന വിശേഷിപ്പിച്ചിരിക്കുന്നത്. പുതിയ പേരുകൾ പ്രഖ്യാപിക്കുന്നത് നിയമാനുസൃത നീക്കമാണെന്നും ഭൂമിശാസ്ത്രപരമായി പേരുകൾ നൽകുന്നത് ചൈനയുടെ അവകാശമാണെന്നും ഔദ്യോഗികവൃത്തങ്ങളെ ഉദ്ധരിച്ച് ചൈനീസ് മാധ്യമമായ ഗ്ലോബൽ ടൈംസ് റിപ്പോർട്ട് ചെയ്തു.ചൈനയുടെ കാബിനറ്റായ സ്റ്റേറ്റ് കൗൺസിൽ പുറപ്പെടുവിച്ച പേരുകൾ ചൈനീസ്, ടിബറ്റൻ, പിൻയിൻ എന്നീ ഭാഷകളിലുള്ള അക്ഷരങ്ങളിലൂടെ ആഭ്യന്തരകാര്യ മന്ത്രാലയം പ്രസിദ്ധീകരിച്ചു. രണ്ട് ഭൂപ്രദേശങ്ങൾ, രണ്ട് ജനവാസ മേഖലകൾ, അഞ്ച് പർവതശിഖരങ്ങൾ, രണ്ട് നദികൾ എന്നിവ ഉൾപ്പെടുന്നതാണ് ഈ സ്ഥലപട്ടിക. ഇത് മൂന്നാം തവണയാണ് അരുണാചൽ പ്രദേശിലെ സ്ഥലങ്ങൾക്ക് ചൈന പേരുകൾ നൽകുന്നത്. 2017ൽ ആറ് സ്ഥലങ്ങൾക്കും 2021ൽ 15 സ്ഥലങ്ങൾക്കും ചൈനീസ് ആഭ്യന്തര കാര്യ മന്ത്രാലയം ഇത്തരത്തിൽ പേര് നൽകിയിരുന്നു. അരുണാചൽ പ്രദേശിലെ സ്ഥലങ്ങളുടെ പേരുമാറ്റാനുള്ള ചൈനയുടെ നീക്കം ഇന്ത്യ നേരത്തെ തള്ളിയിരുന്നു. അരുണാചൽ പ്രദേശ് എല്ലായ്പ്പോഴും ഇന്ത്യയുടെ അവിഭാജ്യ ഘടകമാണെന്നും ചൈന പുതിയ പേരുകൾ നൽകുന്നത് ഈ വസ്തുതയ്ക്ക് മാറ്റം വരുത്തില്ലെന്നും ഇന്ത്യ വാദിച്ചു.

## സ്ത്രീശരീരം ഭംഗിയുള്ളതാക്കാൻ കഴുതപ്പാലിൽ നിർമിക്കുന്ന സോപ്പ് സഹായകമാകും: മനേക ഗാന്ധി





സുൽത്താൻപൂർ: കഴുതകളുടെ പാലിൽ നിന്ന് നിർമിക്കുന്ന സോപ്പ് ഉപയോഗിച്ച് കുളിക്കുന്നത് സ്ത്രീകളുടെ ശരീരം എക്കാലത്തും ഭംഗിയുള്ളതാക്കുമെന്ന് ബി.ജെ.പി എം.പി മനേക ഗാന്ധി. ഈജിപ്ഷ്യൻ രാജ്ഞിയായിരുന്ന ക്ലിയോപാട്ര എന്നും കുളിച്ചിരുന്നത് കഴുതപ്പാലിലായിരുന്നുവെന്നും നമുക്ക് എന്തുകൊണ്ട് കഴുതപ്പാലിൽ നിന്നും ആട്ടിൻപാലിൽ നിന്നും സോപ്പ് നിർമിക്കാൻ ആരംഭിച്ചുകൂടാ എന്നും മനേക ഗാന്ധി പറഞ്ഞു. ഉത്തർപ്രദേശിലെ സുൽത്താൻപൂരിൽ സംസാരിക്കുകയായിരുന്നു അവർ. കഴുതപ്പാലിൽ നിന്നും നിർമ്മിക്കുന്ന സോപ്പ് ഒന്നിന് 500 രൂപയാണ് ഡൽഹിയിലെ വില. നിങ്ങൾ ഒരു കഴുതയെ കണ്ടിട്ട് എത്ര നാളായെന്ന് ചോദിച്ച മനേക, അലക്കുതൊഴിലാളികൾ പോലും കഴുതയെ ഉപയോഗിക്കുന്നത് നിർത്തലാക്കിയിരിക്കുകയാണെന്ന് പറഞ്ഞു. കഴുതകളുടെ എണ്ണം കുറയുകയാണെന്നു മനസ്സിലാക്കിയ ലഡാക്കിലെ ഒരു സമുദായം അവയെ കറവക്കായി ഉപയോഗിക്കുകയും പാലിൽ നിന്ന് സോപ്പ് നിർമിക്കാൻ ആരംഭിക്കുകയും ചെയ്തു. ഈ സോപ്പ് സ്ത്രീശരീരത്തെ എക്കാലത്തും ഭംഗിയുള്ളതാക്കി നിലനിർത്തുമെന്ന് അവർ അവകാശപ്പെട്ടു. പശുവിൻ ചാണകത്തിൽ സുഗന്ധദ്രവ്യങ്ങൾ ചേർത്തുണ്ടാക്കുന്ന വിറക് ശവസംസ്കാരത്തിനും മറ്റും ഉപയോഗിക്കണമെന്ന് അവർ പറഞ്ഞു. മരത്തടികൾക്ക് വില കൂടിയത് കാരണം മരണാനന്തര ചടങ്ങുകൾപോലും ആളുകളെ ദാരിദ്ര്യത്തിലേയക്ക് നയിക്കുന്നു. 15,000 മുതൽ 20,000 വരെ രൂപ മരത്തടികൾക്ക് ചെലവിടുന്നതിനു പകരം പശുവിൻ ചാണകത്തിൽ സുഗന്ധദ്രവ്യങ്ങൾ ചേർത്തുണ്ടാക്കുന്ന വിറക് ഇത്തരം ചടങ്ങുകൾക്ക് ഉപയോഗിച്ചാൽ 1,500 മുതൽ 2,000 രൂപ വരെയായി ചെലവ് കുറയ്ക്കാൻ കഴിയുമെന്നും അവർ അഭിപ്രായപ്പെട്ടു.

## എൻ.സി.ഇ.ആർ.ടി പാഠപുസ്തകം പരിഷ്കരിച്ചു: മുഗൾചരിത്രം ഒഴിവാക്കി




ന്യൂഡൽഹി: എൻ.സി.ഇ.ആർ.ടി പന്ത്രണ്ടാം ക്ലാസ് ചരിത്ര പുസ്തകം ഉൾപ്പെടെയുള്ള പുസ്തകങ്ങൾ പരിഷ്കരിച്ചു. മുഗൾസാമ്രാജ്യത്തെ കുറിച്ചുള്ള അധ്യായങ്ങൾ ഒഴിവാക്കിയാണ് രാജ്യത്തുടനീളമുള്ള എൻ.സി.ഇ. ആർ.ടി പാഠപുസ്തകങ്ങളിൽ മാറ്റങ്ങൾ വരുത്തിയത്. 12ാം ക്ലാസിലെ തീംസ് ഓഫ് ഇന്ത്യൻ ഹിസ്റ്ററി-പാർട്ട് 2 ചരിത്ര പുസ്തകത്തിലെ 'കിംഗ്സ് ആന്റ് ക്രോണിക്കിൾസ്' ;ദി മുഗൾ കോർട്സ്' എന്ന അധ്യായമാണ് ഒഴിവാക്കിയത്. ഹിന്ദി പാഠപുസ്തകങ്ങളിൽ നിന്ന് ചില കവിതകളും നീക്കം ചെയ്യും. 12ാം ക്ലാസ് സിവിക്സ് പുസ്തകവും പരിഷ്കരിച്ചിട്ടുണ്ട്. 'അമേരിക്കൻ ഹെജിമണി ഇൻ വേൾഡ് പൊളിറ്റിക്സ്', 'ദി കോൾഡ്വാർ ഈറ' എന്നീ രണ്ട് അധ്യായങ്ങളാണ് പുസ്തകത്തിൽ നിന്ന് നീക്കം ചെയ്തത്. 12 ാം ക്ലാസിലെ 'ഇന്ത്യൻ പൊളിറ്റിക്സ് ആഫ്റ്റർ ഇൻഡിപെൻഡൻസ്' എന്ന പാഠപുസ്തകത്തിൽ നിന്ന് 'റൈസ് ഓഫ് പോപ്പുലർ മൂവ്മെന്റ്സ് ഇൻ ഇന്ത്യ', 'ഇറ ഓഫ് വൺ പാർട്ടി ഡോമിനൻസ്' എന്നീ രണ്ട് അധ്യായങ്ങളും നീക്കം ചെയ്തു. 10,11 ക്ലാസുകളിലെ 'ഡമോക്രസി ആന്റ് ഡൈവേഴ്സിറ്റി' , 'പോപ്പുലർ സ്ട്രഗ്ൾസ് ആൻഡ് മൂവ്മെന്റ്സ് ചാലഞ്ചസ് ഓഫ് ഡമോക്രസി' എന്നീ പാഠഭഗങ്ങളും ഒഴിവാക്കി. 11 ാം ക്ലാസ് 'തീംസ് ഇൻ വേൾഡ് ഹിസ്റ്ററി' എന്ന പാഠപുസ്തകത്തിൽ നിന്ന് 'സെൻട്രൽ ഇസ്ലാമിക് ലാൻഡ്', 'ക്ലാഷ് ഓഫ് കൾച്ചേഴ്സ്', 'ഇൻഡസ്ട്രിയൽ റെവല്യൂഷൻ' എന്നീ അധ്യായങ്ങളും നീക്കം ചെയ്തു. 2023-24 അധ്യയന വർഷം മുതൽ പാഠപുസ്തകങ്ങളിലെ പരിഷ്കാരം നടപ്പാക്കുമെന്ന് എൻ.സി.ഇ.ആർ.ടി അറിയിച്ചു.

## ഛത്തീസ്ഗഢിൽ കോൺഗ്രസ് പ്രതിഷേധ പരിപാടിക്കിടെ സ്റ്റേജ് തകർന്നുവീണു; രണ്ട് എം.എൽ.എമാർക്ക് പരുക്ക്



ഛത്തീസ്ഗഢിൽ കോൺഗ്രസ് പ്രതിഷേധ പരിപാടിക്കിടെ സ്റ്റേജ് തകർന്നുവീണപ്പോൾ

ബിലാസ്പൂർ: രാഹുൽഗാന്ധിയുടെ ലോക്സഭാംഗത്വം റദ്ദാക്കിയതിനെതിരേ കോൺഗ്രസ് നടത്തിയ പ്രതിഷേധ പരിപാടിക്കിടെ സ്റ്റേജ് തകർന്നുവീണു. ഛത്തീസ്ഗഢിലെ ബിലാസ്പൂർ ജില്ലയിൽ നടത്തിയ ടോർച്ച് റാലിക്കിടെയാണ് അപകടം. രണ്ട് എം.എൽ.എമാർ ഉൾപ്പെടെയുള്ള പാർട്ടി പ്രവർത്തകർക്ക് അപകടത്തിൽ പരുക്കേറ്റു. സ്റ്റേജ് തകർന്നു വീഴുന്നതിന്റെ ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്. നിരവധി പാർട്ടി പ്രവർത്തകർ പങ്കെടുത്ത പരിപാടി എ.ഐ.സി.സി ജനറൽ സെക്രട്ടറി കുമാരി സെൽജയാണ് ഉദ്ഘാടനം ചെയ്തത്. പരിപാടിയിൽ സ്റ്റേജും സദസും തിങ്ങിനിറഞ്ഞിരുന്നു. പ്രതിഷേധ പരിപാടി പുരോഗമിക്കെ പാർട്ടി പ്രവർത്തകർ ഉൾപ്പെടെയുള്ളവർ കയറിയതോടെയാണ് വേദി തകർന്നുവീണത്. പാർട്ടി പ്രസിഡന്റും എം. എൽ.എമാരും ജില്ലാനേതാക്കളും ഉൾപ്പെടെയുള്ള വേദിയിലേക്കാണ് പ്രവർത്തകരും ഇടിച്ചുകയറിയത്. ഇതോടെ ഭാരം താങ്ങാനാവാതെ വേദി തകർന്നു വീഴുകയായിരുന്നു. രണ്ട് എം.എൽ.എ മാരടക്കം നിരവധി പേർക്ക് പരുക്കേറ്റെങ്കിലും ആരുടേയും പരുക്ക് സാരമുള്ളതല്ല.

## കൊച്ചിയിൽ ഒരു കുടുംബത്തിലെ മൂന്ന് പേരെ മരിച്ച നിലയിൽ കണ്ടെത്തി

കൊച്ചി: ഒരു കുടുംബത്തിലെ മൂന്ന് പേരെ മരിച്ച നിലയിൽ കണ്ടെത്തി. പനങ്ങാട് രാഘവപ്പറമ്പത്ത് വീട്ടിൽ മണിയൻ, ഭാര്യ സരോജിനി, മകൻ മനോജ് എന്നിവരാണ് മരിച്ചത്. ഇന്ന് രാവിലെ 8.50 ഓടെയാണ് സംഭവം പുറംലോകം അറിയുന്നത്. മണിയൻ ഭാര്യയേയും മകനേയും കൊലപ്പെടുത്തിയ ശേഷം ജീവനൊടുക്കിയെന്നാണ് സംശയം. മണിയന്റെ മൃതദേഹം തൂങ്ങി നിൽക്കുന്ന നിലയിലും, സരോജിനിയേയും മനോജിനേയും തലയ്ക്ക് അടിയേറ്റ നിലയിലുമാണ് കണ്ടെത്തിയത്. മുറിയിൽ രക്തം തളംകെട്ടി നിൽക്കുന്നുണ്ടായിരുന്നു. മകൻ മനോജ് മാനസിക വെല്ലുവിളി നേരിടുന്നയാളാണ്. രാത്രിയോടെ വീട്ടിൽ നിന്നും വലിയ വഴക്ക് കേട്ടതായി അയൽവാസികൾ പറഞ്ഞു. രാത്രി രണ്ടര വരെ വീട്ടിൽ നിന്ന് സംസാരം കേട്ടിരുന്നു. രാവിലെ മണിയന്റെ സഹോദരി വന്ന് വിളിച്ചെങ്കിലും മറുപടി ഉണ്ടായില്ല.

പിന്നീട് സഹോദരിയുടെ മക്കളെത്തി തുറന്ന് നോക്കിയപ്പോഴാണ് മൂന്ന് പേരെയും മരിച്ച നിലയിൽ കണ്ടെത്തിയതെന്നും അയൽവാസികൾ പറയുന്നു. ലോട്ടറി വിൽപ്പനക്കാരനായിരുന്നു മരിച്ച മണിയൻ.

## അപകീർത്തി കേസിൽ രാഹുൽഗാന്ധിയുടെ ജാമ്യം നീട്ടി; കേസ് മെയ് മൂന്നിന് പരിഗണിക്കും

ന്യൂഡൽഹി: മോദി സമുദായത്തെ അപകീർത്തിപ്പടുത്തിയ കേസിൽ രാഹുൽ ഗാന്ധിയുടെ ജാമ്യം നീട്ടി. കേസിൽ രാഹുൽ ഗാന്ധിയുടെ അപ്പീൽ മെയ് മൂന്നിന് പരിഗണിക്കും. സൂറത്തിലെ കോടതിയിൽ രാഹുൽ നേരിട്ടെത്തിയാണ് അപ്പീൽ സമർപ്പിച്ചത്. മുതിർന്ന അഭിഭാഷകൻ ആർ.എസ് ചീമയാണ് അദ്ദേഹത്തിനു വേണ്ടി കോടതിയിൽ ഹാജരായത്. മനു അഭിഷേക് സിങ്വി, പി.ചിദംബരം, സൽമാൻ ഖുർഷിദ് എന്നിവരടങ്ങുന്ന പാർട്ടിയുടെ തന്നെ അഞ്ചംഗ നിയമ വിദഗ്ധ സംഘമാണ് രാഹുൽ ഗാന്ധിക്കായി അപ്പീൽ തയ്യാറാക്കിയത്. ശിക്ഷാവിധി സ്റ്റേ ചെയ്യണമെന്നാണ് ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്. പ്രിയങ്ക ഗാന്ധിക്കും മൂന്ന് കോൺഗ്രസ് മുഖ്യമന്ത്രിമാർക്കും മറ്റ് കോൺഗ്രസ് നേതാക്കളും ഒപ്പമാണ് രാഹുൽ കോടതിൽ എത്തിയത്.

2019ലെ തിരഞ്ഞെടുപ്പ് പ്രചരണത്തിനിടെ കോലാറിൽ നടത്തിയ പ്രസംഗത്തിൽ രാഹുൽ ഗാന്ധി 'മോദി' സമുദായത്തെ അപകീർത്തിപ്പെടുത്തി എന്നാണ് കേസ്. ബി.ജെ.പി എം.എൽ.എ പൂർണേഷ് മോദിയുടെ പരാതിയിലാണ് സൂറത്ത് കോടതി രണ്ടു വർഷം തടവ് ശിക്ഷ വിധിച്ചത്. വിധിക്ക് പിന്നാലെ ലോക്സഭാ സെക്രട്ടേറിയറ്റ് രാഹുൽ ഗാന്ധിയെ എം.പി സ്ഥാനത്ത് നിന്ന് അയോഗ്യനാക്കിയിരുന്നു. രാഹുൽ ഗാന്ധിക്കെതിരെ സൂറത്ത് കോടതി ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് എച്ച്.എച്ച് വർമയാണ് തടവ് ശിക്ഷ വിധിച്ചത്. മനു അഭിഷേക് സിങ്വി ഉൾപ്പെടുന്ന കോൺഗ്രസിന്റെ നിയമ വിഭാഗമാണ് രാഹുലിനെതിരായ എല്ലാ കേസുകളും ഏറ്റെടുത്തിരിക്കുന്നത്.

# ടി.പി രഞ്ജിത്ത് അക്ഷരം പുരസ്കാരം ഏറ്റുവാങ്ങി



എം.കെ രാഘവൻ എം.പിയിൽനിന്ന് അക്ഷരം പുരസ്കാരം ഏറ്റുവാങ്ങുന്ന കണ്ണൂർ ജില്ലാ റൂറൽ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി ടി.പി രഞ്ജിത്ത്

കോഴിക്കോട്: സാഹിത്യകാരനും ഗാനരചയിതാവും സംഗീതജ്ഞനും കണ്ണൂർ ജില്ലാ റൂറൽ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പിയുമായ ടി.പി രഞ്ജിത്ത് അക്ഷരം പുരസ്കാരം ഏറ്റുവാങ്ങി. എം.കെ രാഘവൻ എം.പിയാണ് പുരസ്കാരം സമ്മാനിച്ചത്. എയ്റോസിസ് കോളേജ് എം.ഡി ഡോക്ടർ ഷാഹുൽ ഹമീദ് അധ്യക്ഷത വഹിച്ചു. എക്സ് എം.എൽ.എ പുരുഷൻ കടലുണ്ടി, സാഹിത്യകാരൻ പി.ആർ നാഥൻ, അഖില കേരള സാഹിത്യ സാംസ്കാരിക രംഗം (അക്ഷരം) ചെയർമാൻ റഹീം പൂവാട്ടുപറമ്പ്, കൺവീനർ ഗിരീഷ് പെരുവയൽ, വൈസ് ചെയർമാൻ ബിജു എം.പി എന്നിവർ സംസാരിച്ചു. കണ്ണൂർ മുണ്ടയാട് സ്വദേശിയായ ടി.പി രഞ്ജിത്ത് 1996ലാണ് കേരളാ പോലിസിൽ സബ് ഇൻസ്പെക്ടറായി ജോലിയിൽ പ്രവേശിക്കുന്നത്. സർവീസിലെ സ്ത്യുത്യർഹ സേവനത്തിന് 200ൽ അധികം പ്രശസ്തി പത്രം അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. 2007ൽ സംസ്ഥാനത്തെ ഏറ്റവും നല്ല അന്വേഷണ ഉദ്യോഗസ്ഥനുള്ള അവാർഡ് ലഭിച്ചു. 2013ൽ മുഖ്യമന്ത്രിയുടെ പോലിസ് മെഡലും കരസ്ഥമാക്കി. 150ൽ അധികം ഗാനങ്ങൾ രചിച്ചിട്ടുള്ള രഞ്ജിത്ത് നിരവധി ആൽബങ്ങളും പുറത്തിറക്കിയിട്ടുണ്ട്. ധീര ജവാന്മാർക്ക് വേണ്ടി തയ്യാറാക്കിയ ആൽബം ദേശീയ ശ്രദ്ധ നേടുകയും അതിലെ ഒരു ഗാനം ദൂരദർശൻ വഴി ലൈവ് ടെലിക്കാസ്റ്റ് ചെയ്യുകയും ചെയ്തു. കോഴിക്കോട് മില്ലേനിയം പുറത്തിറക്കിയ അമ്മ എന്ന ആൽബം ലക്ഷ കണക്കിന് ആളുകളാണ് യൂട്യൂബിൽ കണ്ടത്. ഗുരുവായൂരപ്പനുംവേണ്ടി 100 ൽ അധികം ഗാനങ്ങൾ രചിച്ചു.

പത്തിലധികം ആൽബം പുറത്തിറങ്ങി. പ്രണയത്തെ പറ്റിയും പ്രകൃതിയെ പറ്റിയും സ്വാതന്ത്ര്യത്തെ പറ്റിയും പൗരൻ എന്ന തലക്കെട്ടിൽ ദരിദ്രമനുഷ്യരുടെ അവസ്ഥ വരച്ചു കാട്ടുന്ന കവിത രചിച്ചു. പോലിസ് സർവീസ് കഥകൾ ആസ്പദമാക്കി 18 വോള്യം കഥകൾ രചിച്ചു. അതിൽ ഒരു കഥ സിനിമയാക്കാൻ ഒരുങ്ങുകയാണ്. അതിന്റെ തിരക്കഥയുടെ അണിയറയിലാണ് ഇപ്പോൾ ടി.പി രഞ്ജിത്ത്.

## കെട്ടിട നിർമാണ അനുമതി; അമിത ഫീസ് വർധനവ് പുനഃപരിശോധിക്കണം: ലെൻസ്ഫെഡ്

കോഴിക്കോട്: സംസ്ഥാനത്തെ കെട്ടിട നിർമാണ മേഖല പൊതുവേ നിർമാണ സാമഗ്രികളുടെ അന്യായമായ വിലക്കയറ്റംക്കൊണ്ട് പൊറുതിമുട്ടുമ്പോൾ ജനങ്ങൾക്ക് വീണ്ടും ഇരുട്ടടി നൽകിക്കൊണ്ട് നിലവിലുള്ള നിർമാണ അനുമതി ഫീസിൽ നിന്നും പത്തിരട്ടി മുതൽ 20 ഇരട്ടി വരെയാക്കിയുള്ള വർധനവ് പുനഃപരിശോധിക്കമെന്ന് ലെൻസ്ഫെഡ് ജില്ലാകമ്മിറ്റി ആവശ്യപ്പെട്ടു. മറ്റു സംസ്ഥാനങ്ങളേക്കാൾ പെർമിറ്റ് ഫീസ് ഇവിടെ കുറവാണെന്ന കാരണത്താൽ അമിതമായ വർധനവ് ഒഴിവാക്കേണ്ടതാണ്. ഫീസ് നിരക്കിൽ കാലോചിതമായ പരിഷ്കാരം ആവശ്യമാണെന്ന് കരുതി വർധനവ് ജനത്തെ കൊള്ളയടിക്കുന്നത് പോലെയാകരുത്. 876 സ്ക്വയർ ഫീറ്റ് മുതൽ 1600 സ്ക്വയർ ഫീറ്റ് വരെയുള്ള വീടുകളുടെ നിർമാണ അനുമതി ഫീസ് 800 രൂപയുടെ സ്ഥാനത്ത് 5600 രൂപയും 1500 രൂപയ്ക്ക് പകരം 10500 രൂപയും ആക്കിയത് ഭീകരമാണ്. അതുപോലെ 3229 സ്ക്വയർ ഫീറ്റ് 3000 രൂപയിൽനിന്നും 36000 രൂപയാക്കിയതിന് ഒരു ന്യായീകരണവും കണ്ടെത്താൻ കഴിയില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ എന്നതിന്റെ പേരിൽ ജനത്തെ അന്യായമായി കൊള്ളയടിക്കുന്നത് ശരിയല്ല. മുഖ്യമന്ത്രി ഇടപ്പെട്ട് അശാസ്ത്രീയമായ വർധനവ് പുനഃപരിശോധിക്കണം. റോയൽട്ടി വർധനവിലൂടെ ഇന്നു മുതൽ ക്വാറി ഉൽപ്പന്നങ്ങളുടെ വിലയും വർധിക്കും. പൊതുവേ നിർമാണ മേഖലയെ പ്രതിസന്ധികളിൽ നിന്നും സംരക്ഷിക്കുന്നതിന് പകരം വീണ്ടും ശ്വാസം മുട്ടിക്കുന്ന നടപടികളിൽനിന്നും സർക്കാർ പിന്മാറണമെന്നും ലെൻസ്ഫെഡ് ആവശ്യപ്പെട്ടു.



പഞ്ചായത്ത് സെക്രട്ടറി ടി.ഷാഹുൽഹമീദ്, ഹെൽത്ത് ഇൻസ്പെക്ടർ കെ.സതീഷ് ബാബു എന്നിവരുടെ സ്ക്വാഡ് പരിശോധനയിൽ കല്ലാച്ചി ടൗണിൽ സ്വകാര്യ വ്യക്തിയുടെ ഒഴിഞ്ഞ പറമ്പിൽ തള്ളിയ നിലയിൽ കണ്ടെത്തിയ പേപ്പർ കപ്പുകൾ

## മാലിന്യം തള്ളൽ: കർശന നടപടിയുമായി നാദാപുരം ഗ്രാമപഞ്ചായത്ത്

നാദാപുരം: മാലിന്യം അലക്ഷ്യമായി കൈയ്യൊഴിയുകയും സ്ഥാപനങ്ങളുടെ ചുറ്റുവട്ടത്ത് അജാഗ്രതയോടെ സൂക്ഷിക്കുകയും ചെയ്യുന്നവർക്കെതിരേ കർശന നടപടിയുമായി നാദാപുരം ഗ്രാമപഞ്ചായത്ത്. കഴിഞ്ഞദിവസം കല്ലാച്ചി ടൗണിൽ സ്വകാര്യ വ്യക്തിയുടെ ഒഴിഞ്ഞ പറമ്പിൽ ഉപേക്ഷിക്കപ്പെട്ട നൂറു കണക്കിന് ഉപയോഗശൂന്യമായ പേപ്പർ കപ്പുകളിൽ വെള്ളം നിറഞ്ഞ് കൊതുക് വളരുന്ന സാധ്യതയുള്ളതിനാൽ ഉടമയെ അറിയിച്ച് മുഴുവൻ കപ്പുകളും നീക്കം ചെയ്യിച്ചു. സർക്കാരിന്റെ പുതിയ നിർദേശങ്ങൾ പ്രകാരം മാലിന്യനിർമാർജന പ്രവർത്തനം ഊർജിതമാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് സെക്രട്ടറി ടി.ഷാഹുൽഹമീദ് , ഹെൽത്ത് ഇൻസ്പെക്ടർ കെ.സതീഷ് ബാബു എന്നിവരുടെ സ്ക്വാഡ് പരിശോധനയിലാണ് വലിച്ചെറിഞ്ഞ മാലിന്യം കണ്ടെത്തിയത്. കടനവീകരണത്തിന്റെ ഭാഗമായി ഉണ്ടാകുന്ന അജൈവമാലിന്യം ഉടൻതന്നെ ഉടമസ്ഥർ സ്വന്തം ഉത്തരവാദിത്വത്തിൽ നീക്കം ചെയ്യണം, അല്ലെങ്കിൽ നിയമ പ്രകാരമുള്ള പിഴ, പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. കൂടാതെ ജില്ലാതല എൻഫോഴ്സ് മെന്റ് സ്ക്വാഡ് പരിശോധന നാദാപുരം പഞ്ചായത്തിൽ തുടർ ദിവസങ്ങളിൽ ഉള്ളതിനാൽ കെട്ടികിടക്കുന്ന മാലിന്യം കണ്ടാൽ നടപടി ഉണ്ടാകുന്നതാണ്.

# ഐ.ഐ.ടി ബോംബെയിൽ നടന്ന ഇ–യന്ത്ര റോബോട്ടിക്സ് മത്സരത്തിൽ കോഴിക്കോട് എൻ.ഐ.ടിക്ക് മികച്ച നേട്ടം


### റോഡുകളുടെ കാര്യക്ഷമമായ അറ്റകുറ്റപ്പണികൾക്കായി വിദ്യാർഥികൾ 'റോഡ്ബോട്ട്" വികസിപ്പിച്ചെടുത്തു




ഐ.ഐ.ടി ബോംബെയിൽ നടന്ന ഇ-യന്ത്ര റോബോട്ടിക്സ് മത്സരത്തിൽ പങ്കെടുത്ത എൻ.ഐ.ടി കോഴിക്കോട് മൂന്നാം വർഷ ബി.ടെക് വിദ്യാർഥികളായ എൽദോകുര്യാക്കോസ് (ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ്), വിവേക് പങ്കജ് (കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിംഗ്)

കോഴിക്കോട്: ഐ.ഐ.ടി ബോംബെ ഏപ്രിൽ ഒന്നിന് നടത്തിയ ദേശീയ തലത്തിലുള്ള ഇ-യന്ത്ര റോബോട്ടിക്സ് മത്സരത്തിൽ എൻ.ഐ.ടി കാലിക്കറ്റ് ടീം മികച്ച നേട്ടം കരസ്ഥമാക്കി. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി (NMEICT) വഴിയുള്ള ദേശീയ വിദ്യാഭ്യാസ ദൗത്യം സ്പോൺസർ ചെയ്യുന്ന പദ്ധതിയാണ് ഇ-യന്ത്ര. ഇ-യന്ത്ര റോബോട്ടിക്സ് മത്സരം റോബോട്ടിക്സ് വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും എംബഡഡ് സിസ്റ്റങ്ങൾ, പ്രോഗ്രാമിംഗ്, മെക്കാട്രോണിക്സ് എന്നിവയിൽ കഴിവുകൾ വികസിപ്പിക്കുന്നതിന് വിദ്യാർഥികളെ പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. മൂന്നാം വർഷ ബി.ടെക് വിദ്യാർത്ഥികളായ എൽദോകുര്യാക്കോസ് (ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ്), വിവേക് പങ്കജ് (കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിംഗ്) എന്നിവരടങ്ങുന്ന എൻ.ഐ.ടി.സി സംഘം റോഡുകളുടെ കാര്യക്ഷമമായ പരിപാലനത്തിനായി റോഡ്ബോട്ട് വികസിപ്പിച്ചെടുത്തു. ഈ രണ്ട് വിദ്യാർത്ഥികളും കോഴിക്കോട് എൻ.ഐ.ടിയിലെ റോബോട്ടിക്സ് ഇന്റെരെസ്റ്റ് (RIGNITC) അംഗങ്ങളാണ്.

റോഡ്ബോട്ട് കേടുപാടുകൾ വന്ന റോഡ് സെഗ്മെന്റുകൾ തിരയുകയും കുഴികൾ നികത്തുകയും ചെയ്യുന്നു. ഒരു നിർദ്ദിഷ്ട റോഡ് സെഗ്മെന്റിലെ ട്രാഫിക്കിനെ അനുസരിച്ച് ഇത് പ്രവർത്തിക്കുന്നു. ഇത് ഗതാഗത പ്രവാ ഹം സുഗമമാക്കുന്നു. റോഡ് അറ്റകുറ്റപ്പണികൾ ഗതാ ഗതക്കുരുക്കിന് കാരണമാകുമ്പോൾ ഇത് തിരക്കേറിയ റോഡുകൾക്കും ഹൈവേകൾക്കും അനുയോജ്യമായ ഒരു പരിഹാരമാണ്. റാസ്ബെറി പൈ ഉപയോഗിച്ചാണ് റോഡ്ബോട്ട് നിയന്ത്രിക്കുന്നത്, റാസ്ബെറി പൈയിലെ ഒന്നിലധികം കോറുകൾ കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് സഹായിക്കു ന്ന ഫങ്ഷണൽ പ്രോഗ്രാമിംഗ് ഭാഷയായ എലിക്സിറിൽ പ്രോഗ്രാം ചെയ്തിരിക്കു ന്നു. ഇത് റോഡ്ബോട്ടിനെ വളരെ കാര്യക്ഷമവും സങ്കീർണ്ണമായ ജോലികൾ കൈകാര്യം ചെയ്യാൻ പ്രാപ്തവു മാക്കുന്നു. റോഡ് അറ്റകുറ്റപ്പണികൾക്ക് സുരക്ഷിതവും കാര്യക്ഷമവും ചെലവ് കുറഞ്ഞതുമായ പരിഹാരം നൽകാനു ള്ള അതിന്റെ കഴിവിലാണ് റോഡ്ബോട്ടി ന്റെ സാമൂഹിക പ്രസക്തി. ജനങ്ങളുടെ ക്ഷേമത്തിനും രാജ്യത്തിന്റെ സമ്പദ്വ്യസ്ഥയ്ക്കും രാജ്യത്തിന്റെ മൊത്തത്തിലുള്ള വികസനത്തിനും സംഭാവന ചെയ്യാൻ ഇതിനു കഴിയും. ഇന്ത്യയിലുടനീളമുള്ള എൻജിനീയറിംഗ് കോളേജുകളിൽ നിന്നുള്ള 376 ടീമുകളാണ് മത്സരത്തിൽ പങ്കെടുത്തത്.



ഒ.ആർ.ഒ.പിയിൽ പി.ബി.ഒ.ആറിന്റെ പെൻഷനിലുള്ള അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട്കൊണ്ട് രാഷ്ട്രപതി, പ്രധാനമന്ത്രി, പ്രതിരോധ മന്ത്രി എന്നിവർക്ക് സമർപ്പിക്കാനുള്ള മെമ്പോറാണ്ടം എ.ഡി.എമ്മിന് വോയിസ് ഓഫ് എക്സ് സർവിസ്മെൻ ഭാരവാഹികൾ കൈമാറിയപ്പോൾ

## വോയിസ് ഓഫ് എക്സ് സർവിസ്മെൻ കലക്ട്രേറ്റ് മാർച്ച് നടത്തി

കോഴിക്കോട്: ഒ.ആർ.ഒ.പയിൽ പി.ബി.ഒ.ആർ (പേഴ്സൺ ബിലോ ഓഫിസ് റാങ്ക് )ന്റെ പെൻഷനിലുള്ള അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ഡൽഹി ജന്തർ മന്തറിൽ ഫെബ്രുവരി 20 മുതൽ നടന്നുവരുന്ന സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കോഴിക്കോട് വോയിസ് ഓഫ് എക്സ് സർവിസ്മെനിന്റെ ആഭിമുഖ്യത്തിൽ കലക്ട്രേറ്റ് മാർച്ച് നടത്തി. ഇന്ന് ഇന്ത്യയിലെ 766 ജില്ലാ ആസ്ഥാനങ്ങളിൽ ധർണ നടത്തണമെന്ന് അറിയിപ്പുണ്ടായിരുന്നരുന്നു. എരഞ്ഞിപ്പാലത്ത് നിന്നും രാവിലെ 10 മണിക്ക് ആരംഭിച്ച മാർച്ച് കലക്ടേറ്റിൽ അവസാനിപ്പിച്ചു. വോയിസ് ഓഫ് എക്സ് സർവിസ്മെൻ പ്രസിഡന്റ് എ.വിശ്വനാഥൻ അധ്യക്ഷത വഹിച്ചു. എല്ലാ സംഘടനകളുടേയും ഭാരവാഹികൾ ഒരുമിച്ച് ഉദ്ഘാടനകർമം നിർവഹിച്ചു. കാലിക്കറ്റ് സൈനിക കൂട്ടായ്മ ട്രസ്റ്റ്- നന്ദൻ സി.പി , വേങ്ങേരി വെറ്ററൻസ് ലോഹിതാക്ഷൻ.കെ , ആർമ്ഡ് കോർ വെറ്ററൻസ് മുഹമ്മദ്കുട്ടി .പി, അരിക്കുളം വെറ്ററൻസ് സുകുമാരൻ, കാലിക്കറ്റ് ഡിഫൻസ് ജോർജ്ജ് തോമസ്, എം.ഇ.ജി വെറ്ററൻസ് നാരായണൻ, മെഡിക്കൽ കോളേജ് അസോസിയേഷൻ സുരേഷ് , പുതുപ്പാടി വെറ്ററൻസ് പോൾ , മാവൂർ വെറ്ററൻസ് പ്രശാന്ത്, കൊയിലാണ്ടി വെറ്ററൻസ് വേണുഗോപാൽ , ജന്ദർ മന്തിർ ധർണയിൽ പങ്കെടുത്ത ശ്രീഹരി എന്നിവർ സംസാരിച്ചു. വോയിസ് ഓഫ് എക്സ് സർവിസ്മെൻ ജനറൽ സെക്രട്ടറി ഗിരീഷ്.പി സ്വാഗതവും ട്രഷറർ അബ്ദുൾ ലത്തീഫ് നന്ദിയും പറഞ്ഞു. രാഷ്ട്രപതി, പ്രധാനമന്ത്രി, പ്രതിരോധ മന്ത്രി എന്നിവർക്ക് സമർപ്പിക്കാനുള്ള മെമ്പോറാണ്ടം കലക്ടറുടെ അഭാവത്തിൽ എഡി.എമ്മിന് സമർപ്പിച്ചു.

# പ്രതിഫലം വാങ്ങാതെ കിഡ്നി പകുത്തു നൽകിയ ആര്യനാമികയെ ആദരിച്ചു



പ്രതിഫലം വാങ്ങാതെ കിഡ്നി പകുത്തു നൽകിയ ആര്യനാമികയെ കസ്തൂർബ വൃദ്ധസദനത്തിൽ സംഘടിപ്പിച്ച സൗഹൃദ സംഗമത്തിൽ വച്ച് കരീം പന്നിത്തടം പൊന്നാടയണിയിച്ച് ആദരിച്ചപ്പോൾ

തൃശൂർ: ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയവും ഗുരുവായൂർ കിഡ്നി ഫൗണ്ടേഷനും ചേർന്ന് നെടുപുഴ കസ്തൂർബ വൃദ്ധസദനത്തിൽ സംഘടിപ്പിച്ച സൗഹൃദ സംഗമത്തിൽ വച്ച് പ്രതിഫലം വാങ്ങാതെ കിഡ്നി പകുത്തു നൽകിയ കൃഷി വകുപ്പ് ഉദ്യോഗസ്ഥ ആര്യനാമികയെ ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് കരീം പന്നിത്തടം പൊന്നാടയണിയിച്ച് ആദരിച്ചു. മുൻ നിയമസഭാ സ്പീക്കർ തേറമ്പിൽ രാമകൃഷ്ണൻ പരിപാടി ഉദ്ഘാടനം ചെയ്തു. കസ്തൂർബ പ്രസിഡന്റ് എം.പത്മിനി ടീച്ചർ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലതാ ചന്ദ്രൻ അമ്മമാർക്കുള്ള വസ്ത്ര വിതരണം നടത്തി. രാജയോഗ പരിചയം ബ്രഹ്മാകുമാരി സൈരന്ദ്രിയും സത്യഭാമ ടീച്ചർ ഗുരുവായൂർ കിഡ്നി ഫൗണ്ടേഷന്റെ ചെയർമാനായിരുന്ന വി.ജി ചന്ദ്രശേഖരൻ അനുസ്മരണവും നടത്തി. ഗുരുവായൂർ കിഡ്നി ഫൗണ്ടേഷൻ ചെയർ പേഴ്സൺ ഗീതാ ചന്ദ്രൻ, സരിത സിസ്റ്റർ, രാജൻ പടിഞ്ഞാറേതിൽ, പുഷ്പ സിസ്റ്റർ, ഇ.വി രാധാമണി, വത്സല സിസ്റ്റർ, ബിന്ദു ഭാസുരി എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.



പ്രവാസി ബന്ധു ഡോ.എസ് അഹമ്മദിനെ തമിഴ്നാട് പ്രവാസികാര്യ മന്ത്രി കെ.എസ് മസ്താൻ അനുമോദിച്ചപ്പോൾ

## പ്രവാസി ബന്ധു ഡോ.എസ് അഹമ്മദിനെ തമിഴ്നാട് പ്രവാസികാര്യ മന്ത്രി അനുമോദിച്ചു

ചെന്നൈ: പ്രവാസി ബന്ധു ഡോ.എസ് അഹമ്മദിനെ തമിഴ്നാട് പ്രവാസികാര്യ മന്ത്രി കെ.എസ് മസ്താൻ അനുമോദിച്ചു. ചെന്നൈ സെക്രട്ടേറിയറ്റിലെ മന്ത്രിയുടെ ഓഫിസിലെത്തിയ അഹമ്മദിനെ മന്ത്രി പൊന്നാടയണിയിച്ചു. മൂന്നര പതിറ്റാണ്ടോളം വിദേശങ്ങളിൽ അധിവസിക്കുന്ന ഭാരതീയർക്ക് വേണ്ടി കഠിനമായി യത്നിച്ചു കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് മാർഗ നിർദേശങ്ങൾ നൽകി ഡിപ്പാർട്ടുമെന്റുകൾ സ്ഥാപിച്ചെടുത്ത പ്രവാസി ബന്ധു അഹമ്മദിന്റെ സേവനങ്ങൾ വിലമതിക്കപ്പെടുന്ന കർമ പഥങ്ങളാണെന്ന് മന്ത്രി കെ.വി മസ്താൻ അഭിപ്രായപ്പെട്ടു. തമിഴ്നാട് മുഖ്യമന്ത്രി, നോർക്കാ വകുപ്പ് തമിഴ്നാട് സർക്കാരിന് കീഴിൽ നടപ്പിലാക്കിയതിന്റെ പിന്നിൽ അഹമ്മദിന്റെ പ്രേരക ശക്തി വിസ്മരിക്കാൻ കഴിയില്ല. മുഖ്യമന്തിയുമായിട്ടുള്ള അദ്ദേഹത്തിന്റെ സൗഹൃദം സഹായകരമായിട്ടുണ്ടെന്നും മന്ത്രി ചൂണ്ടിക്കാട്ടി. ചെന്നൈ നോർത്ത് മലയാളി അസോസിയേഷൻ ഭാരവാഹികളായ മനോജ് കുമാർ, പ്രസീന, എൻ.ആർ.ഐ കൗൺസിൽ ഭാരവാഹികളായ എം. സുധീർ, സാദിഖ് അലി, അരുൺ ദാസ് ചെന്നൈ എന്നിവരും മന്ത്രിയുടെ ഓഫിസ് ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുത്തു.

# ഡിജിറ്റൽ ആർട്ട് പുതുകാലത്തിന്റെ ട്രെൻഡ്: കെ.പി മോഹനൻ എം.എൽ.എ



കേരള ലളിതകലാ അക്കാദമി ആർട്ട് ഗാലറിയിൽ യുവ ചിത്രകാരി യാമിനി ഒരുക്കിയ 'മെമോയേർസ്' ഡിജിറ്റൽ ചിത്രപ്രദർശനം ഉദ്ഘാടനം ചെയ്ത് കാണുന്ന കെ.പി മോഹനൻ എം.എൽ.എ

തലശ്ശേരി: സർഗപരതയ്ക്കൊപ്പം, അതിനൂതനമായ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഡിജിറ്റൽ മീഡിയയിലൂടെ കഥാതന്തുക്കൾ ആലേഖനം ചെയ്യപ്പെട്ടത് പുതുകാലത്തിന്റെ ട്രെൻഡായി മാറുകയാണെന്ന് കെ.പി മോഹനൻ എം.എൽ.എ അഭിപ്രായപ്പെട്ടു. കേരള ലളിതകലാ അക്കാദമി ആർട്ട് ഗാലറിയിൽ യുവ ചിത്രകാരി യാമിനി ഒരുക്കിയ 'മെമോയേർസ്' ഡിജിറ്റൽ ചിത്രപ്രദർശനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ചിത്രകലയിൽ നൂതനമായ പരീക്ഷണങ്ങൾ നടത്തുകയും, തന്റേതായ ശൈലീ ഭാവം സ്വായത്തമാക്കുകയും ചെയ്ത യാമിനിയുടെ ജീവിതം തന്നെ കലയ്ക്കു വേണ്ടി സമർപ്പിതമാണെന്ന് എം.എൽ.എ പറഞ്ഞു. പ്രദർശിപ്പിക്കപ്പെട്ട നാൽപ്പതിലേറെ ഓർമചിത്രങ്ങളിലും തെളിയുന്നത് നഷ്ട സൗഭാഗ്യങ്ങളുടെ തീവ്രാനുഭവങ്ങളാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച പ്രമുഖ ചിത്രകാരനും എഴുത്തുകാരനുമായ പൊന്ന്യം ചന്ദ്രൻ അഭിപ്രായപ്പെട്ടു. ചിത്രകാരി കെ.ഇ സുലോചന, സിസ്റ്റർ മിനിഷ, ഗായകൻ എം.മുസ്തഫ, മാധ്യമ പ്രവർത്തകരായ ചാലക്കര പുരുഷു, സോമൻ പന്തക്കൽ സംസാരിച്ചു. പ്രദർശനം എട്ടിന് സമാപിക്കും.

## എസ്.എൻപുരം കുടുംബ സംഗമം സംഘടിപ്പിച്ചു

വടക്കുമ്പാട്: സി.പി.എം എസ്.എൻ പുരത്ത് നിർമിച്ച ഇ.എം.എസ് മന്ദിരത്തിന്റെ ഉദ്ഘാടനത്തിന് മുന്നോടിയായി എസ്.എൻ പുരം കുടുംബസംഗമം സംഘടിപ്പിച്ചു. കക്ഷിരാഷ്ട്രീയത്തിന്നതീതമായി അഞ്ഞൂറോളം പേർ പങ്കെടുത്ത സംഗമം സി.പി.എം സംസ്ഥാന കമ്മിറ്റിയംഗം പി.ജയരാജൻ ഉദ്ഘാടനം ചെയ്തു. സിനിമ-സീരിയൽ താരം ഗായത്രി വർഷ മുഖ്യഅതിഥിയായി. പഴയകാല പാർട്ടി പ്രവർത്തകരെ സി. കെ രമേൻ ആദരിച്ചു. കെ.ജനാർദ്ദനൻ, പി.ആർ വസന്തകുമാർ എന്നിവർ സംസാരിച്ചു. സംഘാടക സമിതി ചെയർമാൻ മുകുന്ദൻ മഠത്തിൽ സ്വാഗതവും പ്രോഗ്രാം കൺവീനർ ജിജേഷ് കോയ്യത്തി നന്ദിയും പറഞ്ഞു. ജാനുതമാശകൾ പ്രസൂൺ.എം അവതരിപ്പിച്ച മാജിക് മെന്റലിസവും മറ്റ് കലാപരിപാടികളും അരങ്ങേറി.




1. സൂപ്പർ ജയന്റ്സിനെ പരാജയപ്പെടുത്തിയ ചെന്നൈ ടീമിന്റെ ആഹ്ലാദം 2. ലഖ്നൗ സൂപ്പർ ജയൻന്റ്സ് താരം മാർക്ക് വുഡിന്റെ പന്തിൽ ചെന്നൈ ക്യാപ്റ്റൻ എം.എസ് ധോണി സിക്സ് നേടിയപ്പോൾ

# ചെപ്പോക്കിലെ തിരിച്ചുവരവ് രാജകീയമാക്കി ചെന്നൈ

## ലഖ്നൗ സൂപ്പർ ജയന്റ്സിനെ 12 റൺസിന് പരാജയപ്പെടുത്തി, മോയിൻ അലി പ്ലെയർ ഓഫ് ദ മാച്ച്

ചെന്നൈ: ഏറെ നാളുകൾക്ക് ശേഷം ചെപ്പോക്കിലേക്ക് മടങ്ങിയെത്തിയ സി.എസ്.കെ കാണികളെ നിരശരാക്കിയില്ല. സീസണിലെ ആദ്യവിജയം ആഘോഷമാക്കിയ തലയും കൂട്ടരും തലയെടുപ്പോടെ തന്നെയാണ് മൈതാനം വിട്ടത്. ആദ്യ മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസിനോട് പരാജയപ്പെട്ടെങ്കിലും ആത്മവിശ്വാസം തെല്ലും കുറയാതെയാണ് ലക്നൗ സൂപ്പർ ജയന്റ്സിനെ ചെന്നൈ നേരിട്ടത്. ആദ്യ മത്സരത്തിൽ ഡൽഹിയെ തോൽപ്പിച്ചതിന്റെ ആത്മ വിശ്വാസത്തിലെത്തിയ ലഖ്നൗവും കളി മോശമാക്കിയില്ല. അവസാനം വരെ പൊരുതിയാണ് അവർ പരാജയം അംഗീകരിച്ചത്. 'തല' ധോണി ഫാൻസുകാർക്ക് ആഘോഷിക്കാൻ ഏറെയുണ്ടായിരുന്ന മത്സരത്തിൽ. ടോസ് നേടിയ ലഖ്നൗ ബൗളിങ് തെരഞ്ഞെടുക്കുകയായിരുന്നു. ചെന്നൈയുടെ തുടക്കം മോശമായില്ല. ഓപ്പണിങ് വിക്കറ്റിൽ അവർ ചേർത്തത് 110 റൺസാണ്. ഋതുരാജ് ഗെയ്ക്വാദ് വീണ്ടും ചൈന്നെ പ്രതിക്ഷകളെ കാത്തു. 31 പന്തിൽ 57 റൺസുമായി മുന്നിൽ നിന്ന് നയിച്ച് ഗെയ്ക്വാദിന് ഒത്ത കൂട്ടാളി തന്നെയായിരുന്നു ഡെവൻ കോൺവേ. 29 പന്തിൽ 47 റൺസാണ് കോൺവേ നേടിയത്. ഋതുരാജ് തുടർച്ചയായ രണ്ടാം അർധ സെഞ്ചുറിയാണ് നേടിയത്. അടുത്തടുത്ത ഓവറുകളിൽ ഇരുവരും മടങ്ങിയെങ്കിലും തുടർന്നെത്തിയ ശിവം ദൂബെ(27)യും മോയീൻ അലി(19)യും അമ്പാട്ടി റായിഡു(27)വും ഒടുവിൽ അവസാന ഓവറുകളിൽ എം.എസ്.ഡി കത്തിക്കയറിയപ്പോൾ ചെന്നൈ 20 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 217 റൺസ് നേടി. 20ാം ഓവറിൽ ക്രീസിലെത്തിയ എം.എസ്.ഡി മാർക്ക്വുഡിന്റെ വേഗതയേറിയ രണ്ട് പന്തുകൾ അതിർത്തി കടത്തിയപ്പോൾ ഗാലറിയിൽ ആവേശത്തിരയിളകി. അടുത്ത പന്തിൽ രവി ബിഷ്ണോയിക്ക് ക്യാച്ച് നൽകി മടങ്ങിയെങ്കിലും തന്റെ 41ാം വയസ്സിലും ധോണിയുടെ ഫിറ്റ്നസിനെ സംബന്ധിച്ച് ആർക്കും ഒരു സംശയവും ഉന്നയിക്കാൻ കഴിയാത്ത രീതിയിലുള്ള പ്രകടനമായിരുന്നു അദ്ദേഹത്തിന്റേത്. ലഖ്നൗവിനായി രവി ബിഷ്ണോയിയും മാർക്ക് വുഡും മൂന്ന് വിക്കറ്റുകൾ വീതവും ആവേഷ്ഖാൻ ഒരു വിക്കറ്റും നേടി. മറുപടി ബാറ്റിങ്ങിൽ ലഖ്നൗവും വീറോടു കൂടി തന്നെ ബാറ്റേന്തി. കെയ്ൽ മയേഴ്സ് ഒരു ദയയുമില്ലാതെ ചെന്നൈ പേസർമാരെ പ്രഹരിച്ചപ്പോൾ സ്കോർബോർഡ് വളരെ വേഗത്തിൽ ചലിക്കാൻ തുടങ്ങി. ക്യാപ്റ്റൻ രാഹുലിന് സ്ട്രൈക്ക് മയേഴ്സിനായി കൈമാറുക എന്ന ദൗത്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ.



ക്രുനാൽ പാണ്ഡ്യയെ മോയിൻ അലി പുറത്താക്കിയപ്പോൾ

22 പന്തിൽ 53 റൺസാണ് മയേഴ്സ് നേടിയത്. എട്ട് ഫോറും രണ്ട് സിക്സും ഉൾപ്പെടുന്നതാണ് അദ്ദേഹത്തിന്റെ ഇന്നിങ്സ്.മയേഴ്സിന്റെ ഇന്നിങ്സിന് ഫുൾ സ്റ്റോപ്പിടാൻ ധോണി മോയിൻ അലിയെ കൊണ്ടുവന്നു. തുടർന്ന് അങ്ങോട്ട് മോയിൻ അലിക്ക് മുന്നിൽ ലഖ്നൗ ബാറ്റ്സ്മാൻമാർ ഓരോരുത്തരായി പതറുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. മയേഴ്സിനേയും രാഹുലി(20)നേയും മോയിൻ അലി മടക്കിയപ്പോൾ, ഡീപക് ഹൂഡയെ മിച്ചൽ സാന്റ്നർ ബെൻസ്റ്റോക്കിന്റെ കൈകളിലെത്തിച്ചു. തുടർന്ന് കൃത്യമായ ഇടവേളകളിൽ വിക്കറ്റ് വീണത് ലഖ്നൗവിന് തിരിച്ചടിയായി.

32 റൺസെടുത്ത നിക്കോളസ് പൂരൻ മടങ്ങിയതോടുകൂടി ലഖ്നൗവിന്റെ പ്രതീക്ഷകൾ മങ്ങി. ഏഴാം വിക്കറ്റിൽ ആയുഷ് ബഡോനി(23)യും കൃഷ്ണപ്പ് ഗൗത(17*)വും പെരുതി നോക്കിയെങ്കിലും ലക്ഷ്യം അകലെയായിരുന്നു. 20 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 205 റൺസ് എടുക്കാനെ ലഖ്നൗവിന് കഴിഞ്ഞുള്ളൂ. ചെപ്പോക്കിൽ തിരിച്ചുവരവിൽ ചെന്നൈക്ക് 12 റൺസിന്റെ ആവേശജയം. നാല് വിക്കറ്റ് വീഴ്ത്തിയ മോയിൻ അലിയാണ് കളിയിലെ താരം. ഇംപാക്ട് പ്ലെയർ തുഷാർ ദേശ്പാണ്ഡേ രണ്ട് വിക്കറ്റും വീഴ്ത്തി.



ഛത്തീസ്ഗഢിലെ കവാർഡയിൽ ഹോം തിയേറ്റർ പൊട്ടിത്തെറിച്ചുണ്ടായ അപകടത്തിൽ തകർന്ന വീട്, ഇൻസൈറ്റിൽ ഹോം തിയേറ്ററിന്റെ പൊട്ടിയ ഭാഗങ്ങൾ കാണാം

# ഹോം തീയേറ്റർ പൊട്ടിത്തെറിച്ച് നവവരനും സഹോദരനും മരിച്ചു

റായ്പൂർ: വിവാഹസമ്മാനമായി ലഭിച്ച ഹോം തിയേറ്റർ പൊട്ടിത്തെറിച്ച നവവരനും സഹോദരനും ദാരുണാന്ത്യം. തിങ്കളാഴ്ച ഛത്തീസ്ഗഢിലെ കവാർഡയിലാണ് സംഭവം. ഒന്നര വയസ്സുള്ള കുട്ടിയടക്കം നാലുപേർ ചികിത്സയിലാണ്. ഏപ്രിൽ ഒന്നിന് വിവാഹിതനായ ഹെമേന്ദ്ര മെരാവി എന്ന 22കാരനും സഹോദരൻ രാജ് കുമാറുമാണ് അപകടത്തിൽ മരണമടഞ്ഞത്. തിങ്കളാഴ്ച മെരാവിയും കുടുംബവും വിവാഹത്തോടനുബന്ധിച്ച് ലഭിച്ച സമ്മാനങ്ങൾ പരിശോധിക്കുന്നതിനിടേയാണ് അപകടം നടന്നത്.

സമ്മാനമായി ലഭിച്ച ഹോം തിയേറ്റർ പ്രവർത്തിപ്പിക്കുന്നതിനായി വൈദ്യുതി കണക്ട് ചെയ്ത ഉടൻ പൊട്ടിത്തെറിക്കുകയായിരുന്നു. മെരാവി അപകടസ്ഥലത്തുതന്നെ മരിച്ചതായാണ് റിപ്പോർട്ട്. സഹോദരൻ രാജ്കുമാറിനെ ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷപ്പെടുത്താനായില്ല. സംഭവത്തിൽ വീടിന്റെ മേൽക്കൂരയും ചുമരുകളും തകർന്നു. മധ്യപ്രദേശ് അതിർത്തിയോട് ചേർന്നു നിൽക്കുന്ന കവാർഡ മാവോയിസ്റ്റ് ബാധിത മേഖലയാണ്. പൊട്ടിത്തെറിയുടെ കാരണം എന്താണെന്ന് കണ്ടെത്തിയിട്ടില്ലെന്നും സംഭവം പരിശോധിച്ച് വരികയാണെന്നും പോലിസ് അറിയിച്ചു.

# എലത്തൂർ ട്രെയിൻ ആക്രമണം: എൻ.ഐ.എ പ്രാഥമിക പരിശോധന നടത്തി; കോച്ചുകളിൽ സി.സി.ടി.വി സ്ഥാപിക്കും

കണ്ണൂർ: എലത്തൂർ ട്രെയിൻ ആക്രമണത്തിൽ ദേശീയ അന്വേഷണ ഏജൻസി പ്രാഥമിക പരിശോധന നടത്തി. കണ്ണൂരിലെത്തി അക്രമം നടന്ന ബോഗികൾ എൻ.ഐ.എയുടെ കൊച്ചി, ബംഗളൂരു യൂണിറ്റിൽ നിന്നുള്ള സംഘമാണ് രാവിലെ സ്ഥിതിഗതികൾ വിലയിരുത്തിയത്. റെയിൽവേ സുരക്ഷാ സേനയുടെ ദക്ഷിണമേഖല ഐ.ജി ഇശ്വരറാവുവും അക്രമം നടന്ന ബോഗികൾ പരിശോധിച്ചു. ചെറുസ്റ്റേഷനുകളിലും കോച്ചുകളിലും സി.സി.ടി.വി സ്ഥാപിക്കുന്നതടക്കം സുരക്ഷ വർധിപ്പിക്കാനുള്ള നടപടികൾ വേഗത്തിലാക്കുമെന്ന് അദ്ദേഹം പറഞ്ഞു. കണ്ണൂരിൽ എത്തിയ സംഘം അക്രമം നടന്ന ബോഗികളിൽ പരിശോധന നടത്തി. എൻ.ഐ.എ എസ്.പിയുടെ നേതൃത്വത്തിലുള്ള സംഘമാണ് പരിശോധനയ്ക്ക് എത്തിയത്. തീവണ്ടി യാത്രക്കാരെ കൂട്ടത്തോടെ തീകൊളുത്താൻ ശ്രമിച്ച സംഭവം കേരളത്തിൽ ആദ്യമായാണ്. കുറ്റകൃത്യത്തിൽ ഏതെങ്കിലും തരത്തിലുള്ള രാജ്യ വിരുദ്ധ



എൻ.ഐ.എ സംഘം തീവയ്പ്പുണ്ടായ കോച്ചിൽ പരിശോധനക്കായി എത്തിയപ്പോൾ

ശക്തികൾക്ക് പങ്കുണ്ടോ എന്ന പരിശോധനയാണ് എൻ.ഐ.എ നടത്തുന്നത്. എലത്തൂരിലേത് ആസൂത്രിത ആക്രമണമാണെന്ന ആക്ഷേപം നിലവിൽ ഉയർന്നിട്ടുണ്ട്. എന്നാലിക്കാര്യം പോലിസോ എൻ.ഐ.എയോ സ്ഥിരീകരിച്ചിട്ടില്ല. അക്രമം നടന്ന എലത്തൂരിലും സംഘം പരിശോധന നടത്തി റിപ്പോർട്ട് കൈമാറും. ഫോറൻസിക് പരിശോധനകളെല്ലാം പൂർത്തിയാക്കിയ സാഹചര്യത്തിൽ കണ്ണൂരിൽ പിടിച്ചിട്ട കോച്ചുകൾ വിട്ട് നൽകണമെന്ന് റെയിൽവെ ആവശ്യപ്പെട്ടിട്ടുണ്ട്.

# നീതി പൂർണമല്ലെന്ന് മധുവിന്റെ സഹോദരി, രണ്ടു പേരെ വെറുതേ വിട്ടതിനെതിരേ സുപ്രീം കോടതി വരെ പോകുമെന്ന് അമ്മ



മധുവിന്റെ അമ്മയും സഹോദരിയും

മണ്ണാർക്കാട്: അട്ടപ്പാടി മധുകൊലക്കേസിൽ 16 പ്രതികളിൽ രണ്ടു പേരെ വെറുതേ വിട്ടതിൽ പ്രതികരണവുമായി സഹോദരിയും അമ്മയും. കേസിൽ എല്ലാവരും കുറ്റക്കാരാണെന്നാണ് വിശ്വസിക്കുന്നത്.

ഇതിൽ രണ്ടു പേരെ വെറുതേ വിട്ടതിനെതിരേ സുപ്രീം കോടതി വരെ പോകുമെന്ന് മധുവിന്റെ അമ്മ പറഞ്ഞു. അതേസമയം, കോടതിയുടെ വിധി പൂർണമായില്ലെന്ന് സഹോദരിയും പ്രതികരിച്ചു.

16 പ്രതികളിൽ 14 പേരെയും കുറ്റക്കാരാണെന്ന് കണ്ടെത്തിയതിൽ കോടതിയോട് നന്ദി പറയുകയാണ്. എന്നാൽ, ണ്ടുപേരെ വെറുതെ വിട്ട നടപടിയിൽ അവരെ ശിക്ഷിക്കാനുള്ള ശ്രമവുമായി മുന്നോട്ട് പോവുമെന്ന് സഹോദരി പറഞ്ഞു. ഭീഷണി, അവഗണന തുടങ്ങി പലതും സഹിച്ചാണ് കേസ് ഇതുവരെ എത്തിച്ചത്. ഇനിയും മുന്നോട്ട് പോവുമെന്നും അവർ പറഞ്ഞു.

# മധു കേസ്: കേസ് നടത്തിപ്പിൽ സർക്കാരിന്റെ ഗുരുതര വീഴ്ചകൾക്കിടയിലും കോടതി വിധി ആശ്വാസകരം: വി.ഡി സതീശൻ

തിരുവനന്തപുരം: അട്ടപ്പാടി മധു കൊലക്കേസിലെ പ്രതിപ്പട്ടികയിലെ 16ൽ 14 പേരും കുറ്റക്കാരാണെന്ന് കണ്ടെത്തിയ കോടതി വിധി ആശ്വാസകരമാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. നിരവധി പ്രതിസന്ധികളിലൂടെയാണ് കേസ് മുന്നോട്ടുപോയത്. സാക്ഷികളെ പണം കൊടുത്ത് സ്വാധീനിക്കാൻ ശ്രമിച്ചു. മധുവിന്റെ അമ്മയേയും സഹോദരിയേയും പ്രതികളുടെ ബന്ധുക്കൾ ഭീഷണിപ്പെടുത്തി. നിരവധി സാക്ഷികളുടെ കൂറുമാറ്റം. ഇതെല്ലാം നടന്നിട്ടും പോലിസ് തിരിഞ്ഞു നോക്കിയില്ല. കേസ് നടത്തിപ്പിൽ സർക്കാരും പ്രോസിക്യൂഷനും പലപ്പോഴും നിസംഗരായിരുന്നു. എന്നാൽ, മധുവിന്റെ അമ്മയുടേയും സഹോദരിയുടേയും പോരാട്ട വീര്യവും നിശ്ചയദാർഢ്യവും കേസിൽ നിർണായകമായി. കേസ് നടത്തിപ്പിൽ സർക്കാരിന് ഗുരുതരമായ വീഴ്ചകളുണ്ടായിട്ടും 14 പ്രതികൾ കുറ്റക്കാരാണെന്ന് കണ്ടെത്തിയ കോടതി വിധി കേരളീയ പൊതുസമൂഹത്തിന് സന്തോഷം നൽകുന്നുവെന്നും വി.ഡി സതീശൻ പറഞ്ഞു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.